പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 12/03/2015 -ൽ മറുപടിക്ക്

നമ്പർ:1285

**2014-15 ൽ രജിസ്ട്രേഷൻ വകുപ്പിന് വകയിരുത്തിയ തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ രജിസ്ട്രേഷൻ വകുപ്പിന് എന്ത് തുകയാണ് വകയിരുത്തിയിരുന്നത്; ഇത് ഏതെല്ലാം പദ്ധതികൾക്കായിരുന്നുവെന്ന് വിശദമാക്കാമോ ; | എ) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ 1,20,30,78,000/-രൂപയും പ്ലാൻ ഇനത്തിൽ 9,10,00,000/-രൂപയും വകയിരുത്തിയിട്ടുണ്ട്.<br>നോൺ പ്ലാൻ ഫണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ ദൈനംദിന ചെലവുകൾക്കും പ്ലാൻഫണ്ടിൽ 8 കോടി രൂപ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾക്കും 110 ലക്ഷം രൂപ വകുപ്പിന്റെ ആധുനിക വൽക്കരണ പദ്ധതികൾക്കുമായാണ് വകയിരുത്തിയിരുന്നത്. |
| ബി) വകയിരുത്തിയതിൽ എത്ര തുകയാണ് ഇതിനകം ചെലവഴിക്കാനായത് എന്ന് വ്യക്തമാക്കാമോ; | ബി) നോൺ പ്ലാൻ ഇനത്തിൽ 2015 ഫെബ്രുവരി മാസം വരെ 1,04,62,76,000/- രൂപയും പ്ലാൻ ഇനത്തിൽ 2,53,35,545 രൂപയും ചെലവഴിച്ചുകഴിഞ്ഞു. |
| സി) ബജറ്റിൽ പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ ഇതുവരെ നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | സി) കൂത്താട്ടുകുളം കേന്ദ്രമാക്കി ആധുനിക രീതിയിലുള്ള ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എടവണ്ണ ആസ്ഥാനമാക്കി പുതിയ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടികൾ നടന്നുവരുന്നു. മറ്റു പ്രഖ്യാപനങ്ങൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.